# ‘ലോകം മറ്റാരുടേയോ വീടാണ്’ അപരിചിതരുടെ ദൈനംദിനം ആനന്ദിന്റെ ‘ആൾക്കൂട്ട’ത്തിൽ

ഇ. വി. രാമകൃഷ്ണൻ



‘ലോകം മറ്റാരുടേയോ വീടാണ്’ അപരിചിതരുടെ ദൈനംദിനം ആനന്ദിന്റെ ‘ആൾക്കൂട്ട’ത്തിൽ

ഇ. വി. രാമകൃഷ്ണൻ

(മലയാളം: ലേഖനം)

© 2020, E. V. Ramakrishnan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Kitwancool, a painting by Emily Carr (1871–1945). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ‘ലോകം മറ്റാരുടേയോ വീടാണ്’ അപരിചിതരുടെ ദൈനംദിനം ആനന്ദിന്റെ ‘ആൾക്കൂട്ട’ത്തിൽ

ആനന്ദിന്റെ ‘ആൾക്കൂട്ടം’ എന്ന നോവലിൽ മിന്നിമറഞ്ഞു പോവുന്ന നിരവധി കഥാപാത്രങ്ങളിലൊരാളാണ് കാർബാറി. പലകാര്യങ്ങളിലും താൽപര്യമുണ്ടെങ്കിലും ഒന്നിലും ഉറച്ചുനിൽക്കുന്ന ആളല്ല അയാൾ. ഒരിക്കൽ ശബ്ദം ചെവികൊണ്ടു കേൾക്കാൻ ശ്രമിച്ചപ്പോൾ അയാൾക്ക് അറപ്പ് തോന്നി. സ്വന്തം ചിന്തകൾ കേൾക്കാൻ കഴിഞ്ഞാലും ഒരാൾക്ക് ഇതേ അസഹ്യത തന്നെയാണ് തോന്നുക എന്ന് കാർബാറി പറയുന്നു: “മനുഷ്യന്റെ ഓരോ കൃത്യവും ഓരോ ചലനവും തന്നിൽ നിന്നുതന്നെ ഒളിച്ചോടിപോകാനുള്ള യത്നമാണ്” (384). ജോസഫ്, കാർബാറിയുടെ ചിന്തകളെ ഇങ്ങിനെ സ്വന്തം വാക്കുകളിൽ സംക്ഷേപിക്കുന്നു: “നിങ്ങളുടെ അഭിപ്രായത്തിൽ മനുഷ്യന് ആത്മസാക്ഷാത്ക്കാരം ലഭിക്കുന്നത് സ്വന്തം ആത്മാവിനെ അഭിമുഖീകരിക്കുമ്പോഴല്ല, മറിച്ച്, മറ്റുള്ളവരിൽ ചെന്ന് മുട്ടുമ്പോഴാണ്” (384). ഇതു ജോസഫ് വിചാരിക്കുമ്പോലെ സോഷ്യലിസ്റ്റ് ചിന്താഗതിയിലേക്കു നയിക്കുന്ന പാതയല്ല, കാർബാറി അങ്ങിനെയൊരു വ്യവസ്ഥയെ പിന്തുണക്കുന്നുണ്ടെങ്കിലും. അപരങ്ങളും അന്യങ്ങളുമായി നമുക്കുള്ള ബന്ധമാണ് നോവലെന്ന സാഹിത്യരൂപത്തിന്റെ വലിയൊരു അന്വേഷണമേഖല. അപരങ്ങളുടെ മാദ്ധ്യമത്തിലൂടെയാണ് ഞാൻ എന്നെ അറിയുന്നത്. മറ്റുള്ളവരെ അറിയാൻ കഴിയുന്നതുപോലെ നമുക്കു നമ്മെ അറിയാൻ കഴിയുന്നില്ല എന്നതാണ് വാസ്തവം. ഇതിനൊരു കാരണം നമ്മുടെ പുറത്താണ് നാമുള്ളത് എന്നാണ്. നമ്മുടെ ‘അക’മെന്നത് ഭാഷയിലൂടെ, കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ ഭാഷണങ്ങളിലൂടെയും സംഭാഷണങ്ങളിലൂടെയും, നാം ഉണ്ടാക്കിയെടുക്കുന്ന ഒരു പ്രതീതിയാണ്. അത് ‘ഇളകുന്ന അടിത്തറയിലൂടെ ചലിക്കുന്ന തോണി’ പോലെ ഒന്നിലും ഉറയ്ക്കാത്തതാണ്. പലതരം വ്യവഹാരങ്ങൾ ചേർന്നെഴുതിയ ചിത്രമെന്ന നിലയിൽ വ്യക്തികളെ അവർക്കുള്ളിലല്ല, അവരുടെ പുറത്തുള്ള സാമൂഹ്യസ്ഥലങ്ങളിലും പരസ്പരബന്ധങ്ങളിലും സാമൂഹ്യ-രാഷ്ട്രീയ സ്ഥാപനങ്ങളിലും ഇവയെല്ലാത്തിനെയും നിർവചിക്കുന്ന അധികാരഘടനകളിലുമാണ് അന്വേഷിക്കേണ്ടത് എന്ന തിരിച്ചറിവാണ് ‘ആൾക്കൂട്ട’മെന്ന പരികല്പനയെ, കാലസ്ഥലത്തെ സാദ്ധ്യമാക്കുന്നത്.

ആൾക്കൂട്ട’ത്തിൽ സ്വാതന്ത്ര്യം, വ്യക്തി, അസ്തിത്വം, ലക്ഷ്യം, മാർഗ്ഗം, സമൂഹം, വ്യവസ്ഥിതികൾ, സ്ത്രീപുരുഷ ബന്ധങ്ങൾ മുതലായവയെല്ലാം തന്നെ കറുപ്പിലും വെളുപ്പിലും മാത്രമായി കാണാൻ കഴിയാത്തൊരു തലമുറയുടെ ധാർമ്മിക പ്രതിസന്ധിയുണ്ട്. അടിത്തറയിളകുന്ന സമൂഹത്തിൽ മൂല്യങ്ങളുടെ ശ്രേണി ഓരോവ്യക്തിയും സ്വയം കണ്ടെത്തേണ്ടി വരുന്നു.

സാഹിത്യരൂപങ്ങൾക്ക് കാലവുമായുള്ള ബന്ധം ഒന്നിനൊന്ന് വ്യത്യസ്തമാണ്. കവിത സംഗീതത്തോടെന്നപോലെ കാലത്തോടും ആന്തരികബന്ധം പുലർത്തുന്നു. അരങ്ങിൽ കാലത്തിന്റെ പല അടരുകൾ തമ്മിൽ പ്രതിപ്രവർത്തിക്കുമ്പോൾ സ്ഥലകാലബന്ധങ്ങൾ സംഘർഷങ്ങളിലൂടെ സംക്രമണ മുഹൂർത്തങ്ങളിലേക്ക് സഞ്ചരിക്കുന്നു. കാലത്തെ സ്ഥലമായി മാറ്റിയെഴുതുന്ന സാഹിത്യരൂപമാണ് നോവൽ. മിഖയിൽ ബക്തിൻ തന്റെ നോവൽ പഠനങ്ങളിൽ നോവലിന്റെ ചരിത്രത്തിൽ ആവർത്തിച്ച ‘ക്രോണോടോപ്പ്’കളെപ്പറ്റി പറയുന്നുണ്ട്. ‘ക്രോണോസ്’ എന്നാൽ കാലവും ‘ടോപ്പോസ്’ എന്നാൽ സ്ഥലവും ആണ്. ഈയർത്ഥത്തിൽ ‘ക്രോണോടോപി’നെ മലയാളത്തിൽ ‘കാലസ്ഥല’മെന്നു പറയാം. കാലം ഖരരൂപമാർജിക്കുന്ന, ജൈവരൂപം കൈവരിച്ച് കലാത്മക ദൃശ്യമായിത്തീരുന്ന ചിഹ്നവ്യവസ്ഥയാണ് ബക്തിനെ സംബന്ധിച്ചേടത്തോളം ‘കാലസ്ഥലം’. കാലവും സ്ഥലവും തമ്മിൽ വൈരുദ്ധ്യാത്മക ബന്ധമുണ്ട്. സ്ഥലത്തിന്റെ വ്യാപ്തി ആധുനികകാലത്ത് സങ്കോചിക്കുകയാണ് ഉണ്ടായത്, എന്നാൽ കാലത്തിന്റെ ഗഹനത ഇന്നും പൂർണ്ണമായും മനുഷ്യന്റെ പ്രജ്ഞയ്ക്കും അന്വേഷണങ്ങൾക്കും വഴങ്ങുന്നില്ല. ‘ആൾക്കൂട്ട’മെന്ന കാലസ്ഥലം സാദ്ധ്യമാക്കുന്ന നിരവധി രൂപകങ്ങൾ ആനന്ദിന്റെ നോവലിൽ പുതിയൊരു സാമൂഹികതയെ കണ്ടെടുക്കുന്നു. നാൽക്കവലകൾ, നിരത്തുകൾ, ഫുട്പാത്തുകൾ, ഇടുങ്ങിയ തെരുവുകൾ, ചേരികൾ, ലോഡ്ജ് മുറികൾ, ഭക്ഷണശാലകൾ, ഓഫീസ് മുറികൾ, തെരുവ് വില്പനക്കാർ, വാഹനങ്ങൾ ഇങ്ങിനെ നീളുന്ന നഗരസ്ഥലങ്ങളുടെ പെരുക്കത്തെ കവച്ച് ചരിത്രത്തിലേക്കും ഭാവിയിലേക്കും വളരുന്ന തച്ചുഘടനയാണ് ആൾക്കൂട്ടത്തിന്റേത്. ഡിക്കൻസിന്റേയും, ഡോസ്റ്റോവ്സ്കിയുടെയും നോവലുകളിൽ കഥാപാത്രങ്ങൾ ഒറ്റപ്പെടുമ്പോഴും ആൾക്കൂട്ടത്തിന്റെ ഇരമ്പത്തിൽ നിന്ന് ദൂരത്തല്ല. ഡോസ്റ്റോവ്സ്കിയുടെ ‘കുറ്റവും ശിക്ഷയും’ എന്ന നോവലിൽ റാസ്കോൽനികോവ് തന്റെ കുറ്റം ആദ്യം ഏറ്റപറയുന്നത് സോണിയയോടാണ്. താനെന്തു ചെയ്യണമെന്നയാൾ ചോദിക്കുമ്പോൾ സോണിയ പറയുന്നത് നാൽക്കവലയിൽ ചെന്ന് നിലത്തെ മണ്ണ് ചുംബിച്ച് തന്റെ കുറ്റം പരസ്യമായി ഏറ്റുപറയാനാണ്. പിന്നീടയാൾ പോലീസിൽ കീഴടങ്ങാൻ പോവുന്നതിനു മുമ്പ് നാൽക്കവലയിൽ നിലത്തിരുന്ന് മണ്ണ് മുത്തുന്നു. ചുറ്റുമുള്ള ആൾക്കൂട്ടത്തിന്റെ പരിഹാസം തന്റെ കുറ്റം ഏറ്റുപറയുന്നതിൽ നിന്ന് റാസ്കോൽനികോവിനെ വിലക്കുന്നുണ്ട്. നോവലിന്റെ പ്രാഗ്ചരിത്രത്തിൽ കാർണിവൽ രൂപങ്ങളില്ലുള്ള അനുഷ്ഠാനങ്ങളുണ്ട്. നായകനായി വേഷം കെട്ടുന്നവനെ നാൽക്കവലയിൽവെച്ച് പരസ്യമായി അപമാനിക്കുക ഇത്തരം അനുഷ്ഠാനങ്ങളിലെ പ്രധാനഭാഗമാണ്. ഡോസ്റ്റോവ്സ്കിയുടെ നോവലുകളിൽ വാതിൽപ്പടി (threshold) എങ്ങനെ പ്രതിസന്ധികാലത്തിന്റെ ബിംബമായി ആവർത്തിക്കുന്നുവെന്ന് ബക്തിൻ പറയുന്നുണ്ട്. തന്റെ നോവലിലെ സുപ്രധാന സംഭവങ്ങൾ റോഡിലേക്കു തുറക്കുന്ന കോണിപ്പടികളിലോ, ചെറിയ മുറികളിലോ അണ് സംഭവിക്കുക. ഇത്തരം വാതിൽപ്പടി സമയങ്ങളിൽ നിന്നകന്ന് വീടിന്റെ സാന്ത്വനഭരിതമായ അകത്തളങ്ങൾ കുടുംബങ്ങളുടെ, ദാമ്പത്യത്തിന്റെ, ജീവചരിത്രസമയങ്ങളെയാണ് കുറിക്കുക. അത്തരം അകത്തളങ്ങൾ ആനന്ദിലും ഇല്ലെന്നതു ശ്രദ്ധേയമാണ്. സുനിലും ജോസഫും മറ്റും ജീവിക്കുന്ന ലോഡ്ജ് ആശുപത്രി പോലെയാണെന്ന് തുടക്കത്തിൽതന്നെ നാം വായിക്കുന്നു. രാധയുടെ കുടുംബം ജീവിക്കുന്ന ഗൃഹാന്തർഭാഗം പ്രക്ഷുബ്ധവും സംഘർഷഭരിതവുമാണ്.

നാൽക്കവലയിലും വാതിൽപ്പടിയിലും സാദ്ധ്യമാവുന്ന സമയം സംഘർഷത്തിന്റേതു മാത്രമാണെന്ന് ബക്തിൻ പറയുന്നുണ്ട്. ‘ആൾക്കൂട്ട’ത്തിലെ കഥാപാത്രങ്ങൾ സ്വകാര്യതയുടെ സാദ്ധ്യതകൾ വിരളമായ സ്ഥലങ്ങളിലാണ് ജീവിക്കുന്നത്, റാസ്കോൽനികോവിന്റെ ചെറിയമുറിയെ ‘ശവപ്പെട്ടി’ എന്നാണ് ഡോസ്റ്റോവ്സ്കി വിശേഷിപ്പിക്കുന്നത്. ലോഡ്ജിലും വീട്ടിലും ആനന്ദിന്റെ കഥാപാത്രങ്ങൾ മറ്റുള്ളവരുടെ ദൃഷ്ടിപഥത്തിൽത്തന്നെ തുടരുന്നു. കുടുംബത്തിന്റെ തുടർച്ചകൾ സാദ്ധ്യമാക്കുന്ന സ്വകാര്യതയിൽ ജീവചരിത്ര സമയത്തിലൂടെ നേടാവുന്ന കാലത്തിന്റെ സംഹാരഭാവത്തിന്റെ ഉല്ലംഘനമുണ്ട്. സുനിൽ എന്നും വ്യക്തിബന്ധങ്ങളിൽ നിന്ന് ഓടിപ്പോകുകയേ ചെയ്തിട്ടുള്ളൂ എന്ന് രാധയ്ക്ക് തോന്നുന്നുണ്ട്. അവൾ സുനിലിനോടു ചോദിക്കുന്നു. “അടുത്ത് ഒരാളെ സ്നേഹിക്കാൻ കഴിയാത്ത നിങ്ങൾക്ക് എങ്ങിനെയാണ് മനുഷ്യരെ പൊതുവായി സ്നേഹിക്കാൻ കഴിയുക?” ഇതിനുത്തരമായി സുനിൽ പറയുന്നു, “ദസ്തയ്‌വ്സ്കിയുടെ ഒരു കഥാപാത്രം ഒരിക്കൽ നിങ്ങളെപ്പോലെ ഈ ചോദ്യം ചോദിക്കുകയുണ്ടായി. ഞാനും കുറെക്കാലം അങ്ങനെ ചോദിച്ചുകൊണ്ടു നടന്നു” (1397). തനിക്കു വ്യക്തമായ ഉത്തരമൊന്നും കിട്ടിയില്ലെന്ന് തുറന്നുപറയുന്ന സുനിൽ നഗരമെന്ന യാഥാർത്ഥ്യത്തെ അംഗീകരിക്കുന്നു. അതുമായുള്ള ബന്ധനം തന്റെ സ്വാതന്ത്ര്യമായിക്കാണാനും അയാൾക്ക് വിഷമമില്ല. സുനിൽ അയാളുടെ വഴിക്കു പോവുമെന്നും താൻ വീണ്ടും ഒറ്റയ്ക്കാവുമെന്നും ഓർക്കുമ്പോൾ രാധയ്ക്ക് പെട്ടന്ന് ബോംബെ നഗരം ഒരു മുറിപോലെ ചെറുതായിപ്പോകുന്നതായി തോന്നുന്നു. ആൾക്കൂട്ടമെന്ന കാലസ്ഥലം ഉൽപാദിപ്പിക്കുന്ന സംഘർഷ സമയമാണിത്. വണ്ടിവന്നിട്ടും പോവാതെ പ്ലാറ്റ്ഫോമിൽ ഒറ്റയ്ക്കിരിക്കുന്ന രാധക്ക് മുന്നിൽ ഒരു ജീവിതം മുഴുവൻ ഉണ്ടെങ്കിലും അതിനെ ചൂഴ്ന്നുനിൽക്കുന്ന ഇടുങ്ങിയ ചുമരുകൾ എന്നും ആൾക്കൂട്ടത്തിലേക്കു തുറന്നുകൊണ്ടിരിക്കും ആശ്വാസത്തിനായി.

ആൾക്കൂട്ടത്തിന്റെ ചിഹ്നവ്യവസ്ഥയിൽ അകംപുറം വിഭജനങ്ങൾ പൂർണ്ണമായും സാദ്ധ്യമല്ല. അകം പുറത്തേക്കും പുറം അകത്തേക്കും തുറന്നിരിക്കുന്നു. ജോസഫ് അവസാനമെത്തിപ്പെടുന്ന ഇടുങ്ങിയ മുറിയിലേക്ക് പോവാൻ ആകാശത്തിന്റെ കീറുപോലും കാണാൻ വിഷമമായ, തുരങ്കം പോലെയുള്ള വഴിയിലൂടെ നടക്കണം. തെരുവിനെ അഭിമുഖീകരിച്ചു നിൽക്കുന്ന ഒമ്പതടി വീതിയും പത്തടി നീളവുമുള്ള ചതുരമുറി, റോഡിലേക്കു തുറക്കുന്ന ജനൽ, വസൂരിക്കലകൾ പോലെ ആണി അടയാളങ്ങൾ, കുഷ്ഠരോഗിയുടെ ശരീരം പോലെയുള്ള തറ. എന്നും മറ്റുമുള്ളവരുടെ സാന്നിദ്ധ്യത്തിൽ മാത്രം, ലോഡ്ജിലായാലും ഫുട്പാത്തിലായാലും, ജീവിച്ചവനാണ് ജോസഫ്. രാധയുമായി ജീവിതത്തിൽ തന്നെ അപൂർവ്വമായ സ്വകാര്യനിമിഷങ്ങൾ ഈ മുറിയിൽ പങ്കിടുമ്പോൾ രാത്രിയുടെ ഏകാന്തതയിലൂടെ തിമിർത്തോടുന്ന തീവണ്ടികളുടെ ശബ്ദവും വെളിച്ചവും അയാളറിയുന്നുണ്ട്. ദലാൽ സ്ട്രീറ്റിലെ ലേലം വിളിയുടെ കോലാഹലം കണ്ട് പേടിക്കുന്നുണ്ട് ലളിത. നഗരത്തെ താങ്ങിനിർത്തുന്ന സമ്പദ്വ്യവസ്ഥയുടെ ഉയർച്ചതാഴ്ചകൾ അവിടെയാണ് തീരുമാനിക്കപ്പെടുന്നതെന്ന് സുനിലിനറിയാം. ഇവിടത്തെ എടുത്ത് പറയേണ്ടകാര്യം മലയാളി പരിചയിക്കാത്ത ഒരു ദൈനംദിനമാണ്. 1970-ൽ ‘ആൾക്കൂട്ടം’ പ്രത്യക്ഷവൽക്കരിച്ചത് എന്നാണ്. ‘നാലുകെട്ടി’ലെ അപ്പുണ്ണിക്കും ‘ന്റുപ്പാപ്പാക്കൊരാനേണ്ടാർന്നു’ എന്ന നോവലിലെ നിസ്സാർ അഹമ്മദിനും സ്ഥലത്തിൽ വേരുകളുണ്ട്, സ്വയം തിരിച്ചറിയാനുള്ള അടയാളങ്ങളുണ്ട്. അവരുടെ ലോകവീക്ഷണങ്ങൾ വ്യക്തികേന്ദ്രീകൃതമായ ഉൽക്കർഷേച്ഛയെ പിൻപറ്റുന്നു.അവർ സാക്ഷാത്കരിക്കുന്ന സാമൂഹ്യപരിവർത്തനം ‘മനുഷ്യൻ എന്ന അമൂർത്ത സങ്കല്പത്തെ ന്യായീകരിക്കുന്ന വ്യവസ്ഥതന്നെയാണ് ദലാൽ സ്ട്രീറ്റിലെ ഓഹരിവിപണിയെ കാണാമറയത്ത് നിർത്തുന്നത്. ‘ആൾക്കൂട്ടം’ എന്ന നോവൽ പാവനവും പരമവുമായതിനെ സാപേക്ഷികമായി പുനർനിർവ്വചിക്കുന്നു. ഈ നോവലിൽ ഉടനീളം നടക്കുന്ന സംഭാഷണങ്ങൾ ആലംബം നഷ്ടപ്പെടുന്ന ഒരു സമൂഹത്തിൽ എല്ലാ തത്വങ്ങളും ആശയങ്ങളും പുനർവിചാരണയ്ക്കു വിധേയമാക്കേണ്ടി വരുമ്പോൾ സംഭവിക്കുന്നതിതാണ്. ‘ഇന്ദുലേഖ’യുടെ പതിനെട്ടാം അദ്ധ്യായത്തിലെ നീണ്ട സംഭാഷണങ്ങൾ, ഇതുപോലൊരു ഘട്ടത്തിലുള്ള രണ്ടിലധികം കാഴ്ചപ്പാടുകളും ആശയലോകങ്ങളും തമ്മിലുള്ള സംവാദമായിരുന്നു. ‘ആൾക്കൂട്ട’ത്തിൽ സ്വാതന്ത്ര്യം, വ്യക്തി, അസ്തിത്വം, ലക്ഷ്യം, മാർഗ്ഗം, സമൂഹം, വ്യവസ്ഥിതികൾ, സ്ത്രീപുരുഷബന്ധങ്ങൾ മുതലായവയെല്ലാം തന്നെ കറുപ്പിലും വെളുപ്പിലും മാത്രമായി കാണാൻ കഴിയാത്തൊരു തലമുറയുടെ ധാർമ്മിക പ്രതിസന്ധിയുണ്ട്. അടിത്തറയിളകുന്ന സമൂഹത്തിൽ മൂല്യങ്ങളുടെ ശ്രേണി ഓരോവ്യക്തിയും സ്വയം കണ്ടെത്തേണ്ടി വരുന്നു. മറ്റുള്ളവരെ സംബോധനചെയ്യുന്ന ഭാഷണങ്ങളുടെ അധിക്യം ഈ നോവലിനെ വ്യത്യസ്തമാക്കുന്നു. കുടുംബം, വിവാഹം, ദാമ്പത്യം മുതലായ സാമൂഹ്യസ്ഥാപനങ്ങൾ വ്യക്തികളെ മെരുക്കുകയും മിതപ്പെടുത്തുകയും അവരുടെ സ്വത്വങ്ങളെ വരുതിക്കുള്ളിലാക്കുന്ന വ്യവസ്ഥയെ പുനരുല്പാദിപ്പിക്കാനുള്ള ഉപകരണങ്ങളാക്കി മാറ്റുകയും ചെയ്യുന്നു. അടിവരയിട്ട് ശുഭം എന്നെഴുതാൻ കഴിയുന്ന തരത്തിൽ പൂർത്തിയാക്കപ്പെട്ട, ഒതുക്കപ്പെട്ട സ്വത്വങ്ങളിൽ പേടിപ്പെടുത്തുന്ന അപരനിഷേധങ്ങൾ ഉണ്ടെന്ന ബോധം പിൽക്കാലത്ത് സ്ത്രീപക്ഷ-ദലിത് ബോധങ്ങളായി വികസിച്ചുവെന്നത് ചരിത്രം.

ഭാഷയുടേയും സംസ്കാരത്തിന്റേയും അതിർത്തികളിൽ നിന്നാണ് പുതിയഭാഷണങ്ങൾ ഒരുത്തിരിയുന്നത്. ബഹുഭാഷാ സമൂഹങ്ങളിൽ സ്വത്വങ്ങളുടെ അതിരുകൾ പലതരം വ്യവഹാരങ്ങളിൽ കലരുന്നു. കലർപ്പിന്റെ, മിശ്രിതത്തിന്റെ വാങ്മയം സ്വയം സമ്പൂർണ്ണമായ ഭാഷയെന്ന സങ്കല്പത്തെ നിരസിക്കുന്നു. ‘പഥേർ പാഞ്ചാലി’യിലെ ഗാനശകലങ്ങൾ, ഉറദു ഗസലിന്റെ ഭാഗങ്ങൾ, വോൾട്ടയർ, ഗാന്ധി, മാർക്സ്, നെഹ്റു എന്നിങ്ങനെയുള്ള ചിന്തകരിൽ നിന്നുള്ള ഉദ്ധരണികൾ, പ്രസംഗഭാഗങ്ങൾ, സ്വകാര്യകത്തുകൾ, മദ്യപാന സദസ്സിലെ സംസാരങ്ങൾ എവിടെയുമെത്താത്ത ദീർഘചർച്ചകൾ—ഇവയെല്ലാം വൈവിദ്ധ്യമാർന്ന ഭാഷണരൂപങ്ങളാണ്. ആനന്ദ് എന്ന നോവലിസ്റ്റിന്റെ ആഖ്യാന സ്വരത്തിൽ കാർണിവൽ മനോഭാവമുണ്ട്. ചരിത്രവും ജീവിതവും രാഷ്ട്രീയവും തത്ത്വചിന്തയും കൂടിക്കുഴയുന്ന ആഖ്യാനത്തിലെ പദസഞ്ചയം ലോകത്തെ ‘നാനാവിധ’മായികാണുന്നു. ആൾക്കൂട്ടം ഉത്സവത്തിന്റെയും ആഘോഷത്തിന്റെയും വേദിയാണ്. അതൊരു ജൈവരൂപമായി ചലിച്ചുകൊണ്ടിരിക്കുന്നു. ഫ്രഞ്ച് വിപ്ലവത്തിനുശേഷം ആൾക്കൂട്ടങ്ങളുടെ മേൽ കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ഭരണകൂടങ്ങൾ നിയമനിർമ്മാണങ്ങൾ നടത്തി. അധിനിവേശഭരണകൂടങ്ങൾ എന്നും ഭയന്നത് ആൾക്കൂട്ടങ്ങളെയാണ്. ഏലിയാസ് കാനെറ്റി വിശദീകരിക്കുന്നതു പോലെ പ്രാകൃതസമൂഹങ്ങളിലെ നായാട്ട് സംഘങ്ങളും മതാനുഷ്ഠാനങ്ങളിൽ ഉന്മത്തരായി സ്വയം മറക്കുന്ന മനുഷ്യരും ആൾക്കൂട്ടത്തിന്റെ അധോലോകത്തിലുണ്ട്. ആൾക്കൂട്ടമെന്നത് വ്യവച്ഛേദിച്ചറിയാൻ വിഷമമായ പരസ്പര വൈരുദ്ധ്യങ്ങളുടെ വിരുദ്ധധ്രുവങ്ങളിലേക്ക് നോക്കുന്ന വികാര വിക്ഷോഭങ്ങളുടെ അന്തർസ്ഥലവും കൂടിയാണ്. അതിന്റെ ആകർഷണത്തെപ്പറ്റി സുനിൽ പറയുന്നുണ്ട്, അതു വലുതാവുന്നതിനനുസരിച്ച് കൂടുതൽ പേരെ ആകർഷിക്കുന്നു. ‘നാം’ എന്ന പദത്തിൽ പതിഞ്ഞ് കിടക്കുന്ന അന്യങ്ങളെ പിരിച്ചെഴുതുന്ന ബഹുസ്വരതയാണ് ‘ആൾക്കൂട്ട’ത്തിന്റെ കാതൽ. ദേശവും, പൗരസമൂഹവും, റിപ്പബ്ലിക്കും, ഉദ്യോഗസ്ഥവൃന്ദവും, നഗരവാസികളും പലയിനങ്ങളിൽപെടുന്ന ആൾക്കൂട്ടങ്ങളാണ്. ‘ഒന്നുമില്ലായ്മയിൽ നിന്നു വലുതായ ഒന്നുണ്ടാകുന്ന പൊള്ളത്തര’മെന്ന് സുനിൽ ഇതിനെ വിലയിരുത്തുന്നു. ഈ നോവലിലെ ഭാഷണങ്ങൾ നിർമ്മിക്കുന്ന സംവാദഘടന ധാർമ്മികമായ വിലയിരുത്തലിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു. വെള്ളപ്പൊക്കസമയത്ത് മരക്കൊമ്പിൽ കയറിയിരിക്കുന്നവനെപ്പോലെ സുനിൽ ഒറ്റപ്പെടുന്നു. ‘നാം’ എന്നതിന്റെ വിവക്ഷകളിൽ ഉൾച്ചേർന്ന ഒരു തത്വചിന്തയുമായും പ്രേമിന് സന്ധിചെയ്യാൻ കഴിയുന്നില്ല. “ശബ്ദത്തേയും ജീവനേയും അയാൾ വ്യക്തികളിലാണ് തേടിയത്. ഓരോ വ്യക്തിയുടേയും ശബ്ദം. ഓരോമുഖത്തും പ്രകടമായ ജീവിതം” (1136). ഓരോ ദിവസവും പാലം കത്തിച്ചുകളഞ്ഞുകൊണ്ട്, ഇന്നലെകളിൽ നിന്ന് വിടുതൽ നേടി, പ്രേം മുന്നോട്ടു ജീവിക്കുന്നു. സ്വത്വമെന്നാൽ തവണകളായി സ്വയം വിൽക്കുകയാണെന്ന് അയാൾ മനസ്സിലാക്കിയിരുന്നു. സ്വന്തം പേരുപോലും ഒരു ധാരാളിത്തമാവുന്ന സ്ഥലത്തയാൾ എത്തുന്നു. ഈയർത്ഥത്തിൽ ആൾക്കൂട്ടത്തിൽ നിന്നേറ്റവും ദൂരം പോകുന്ന കഥാപാത്രം പ്രേം ആണ്. മീനയോടൊപ്പം അയാൾ താമസിക്കുന്ന രണ്ടുമുറിയുള്ള വീട് റോഡിലേക്ക് തുറക്കുന്നു. വാതിൽപ്പടി സമയത്തിൽത്തന്നെ അയാൾ സ്ഥിരവാസിയാവുകയാണ്. വ്യത്യസ്തമായ രീതികളിൽ സുനിലും ജോസഫും ചെയ്യുന്നതും അതുതന്നെയാണ്. സാർത്രിന്റെ ‘ഈച്ചകൾ’ എന്ന നാടകത്തെപ്പറ്റി ഒരു പരാമർശം നോവലിലുണ്ട്. ഈസ്ഖിലസിന്റെ ‘ഓസ്റ്റിയ’ എന്ന നാടകത്രയത്തിന്റെ നാടകത്തിലെ ഒറസ്റ്റസ് ആർഗോസ് നഗരത്തെ വിമോചിപ്പിക്കാൻ സ്വന്തം അമ്മയേയും അമ്മായിയായ ക്ലിസ്റ്റംനസ്റ്റവരിച്ച രണ്ടാനച്ഛനേയും കൊല്ലുന്നു. ദൈവങ്ങളെ തള്ളിപ്പറഞ്ഞ് മുഴുവൻ നഗരത്തിന്റെയും പാപഭാരം തന്റെ ഉത്തരവാദിത്വമായി ഏറ്റെടുക്കുന്നു. എങ്ങിനെ തന്നോടുതന്നെ സത്യസന്ധനാവാം എന്ന ചോദ്യം അറുപതുകളിൽ പ്രധാനമായിരുന്നു. കമ്മ്യൂവും സാർത്രും ഇന്ത്യയിൽ വായിക്കപ്പെട്ടത് മാറിവരുന്ന രാഷ്ട്രീയ സാഹചര്യങ്ങളിൽ വ്യക്തികൾക്ക് ഏതുതരം കർതൃത്വമാണ്, പ്രവർത്തനശേഷിയാണ് സാദ്ധ്യമാവുക എന്ന ചോദ്യത്തിന്റെ സന്ദർഭത്തിലാണ്. സ്വയം അപായപ്പെടുത്തിക്കൊണ്ടും ദൈവങ്ങളെ നിഷേധിച്ചുകൊണ്ടും മാത്രമേ പൊതുബോധത്തിലടങ്ങിയ ഹിംസാക്രമത്തെ ചെറുക്കാനാവുകയുള്ളുവെന്ന് സുനിലും ജോസഫും പ്രേമും തിരിച്ചറിയുന്നു, ഓസ്റ്റിസിന്റെ ദുരന്തപരിവേഷം അവർക്ക് പ്രാപ്യമല്ലെങ്കിലും.

ഏലിയാസ് കാനെറ്റി വിശദീകരിക്കുന്നതു പോലെ പ്രാകൃതസമൂഹങ്ങളിലെ നായാട്ട് സംഘങ്ങളും മതാനുഷ്ഠാനങ്ങളിൽ ഉന്മത്തരായി സ്വയം മറക്കുന്ന മനുഷ്യരും ആൾക്കൂട്ടത്തിന്റെ അധോലോകത്തിലുണ്ട്. ആൾക്കൂട്ടമെന്നത് വ്യവച്ഛേദിച്ചറിയാൻ വിഷമമായ പരസ്പരവൈരുദ്ധ്യങ്ങളുടെ വിരുദ്ധധ്രുവങ്ങളിലേക്ക് നോക്കുന്ന വികാര വിക്ഷോഭങ്ങളുടെ അന്തർസ്ഥലവും കൂടിയാണ്.

‘അപരിചിതൻ’ എന്ന സംവർഗം തന്നെ ഇവിടെ പുനരാലോചന ആവശ്യപ്പെടുന്നുണ്ട്. ജോസഫ് സുനിൽ മുതലായവർ ജീവിതത്തിൽ നിന്ന് ഓടിപ്പോകുന്നവരാണെന്ന് പലരും നിരീക്ഷിച്ചിട്ടുണ്ട് . ഇതു ശരിയല്ല. ജോർജ്ജ് സിമ്മൽ എന്ന സാമൂഹ്യശാസ്ത്രജ്ഞൻ സമൂഹത്തെ ‘ബൈനറി’കളിലൂടെ കാണുന്ന രീതിയെ വിമർശിച്ചുകൊണ്ട് ‘അപരിചിതനെ’ വ്യത്യസ്തമായ സാമൂഹ്യ രൂപമായി നിർവചിക്കുന്നുണ്ട്. ‘ആൾക്കൂട്ട’മെന്ന ക്രോണോടോപ്പിൽ നാം കാണുക ‘ലിമിനൽ’ എന്ന വിളിക്കാവുന്ന സംക്രമണ സ്ഥലങ്ങളാണ് അവയ്ക്ക് സ്വായത്തമായുള്ളത്. സമൂഹത്തിന്റെ പാർശ്വങ്ങളിൽ നിന്ന് വരുന്ന ഭാഷണങ്ങളാണ് ഘോർപഡെ പറയുന്ന ധ്വജാരോഹണ സമയത്ത് ദേശീയ ഗാനത്തിനുപകരം സിനിമാ ഗാനം വരുന്നത് ആ സന്ദർഭത്തെ കവിഞ്ഞ് വളരുന്ന ഭാഷണമാണ്. അതിൽ അപരിചിതന്റെ ദൃഷ്ടിയുണ്ട്. സ്ഥലമെന്നത് മനുഷ്യാസ്തിത്വത്തിന്റെ ഭൗതിക സാഹചര്യമാണ്. പക്ഷേ, അതുമായുള്ള ബന്ധത്തിൽ പ്രതീകവൽക്കരിക്കപ്പെടുന്ന വേറെ പലതുമുണ്ട്. സ്വത്വഭാവങ്ങളെ അത് പ്രകാശിപ്പിക്കുന്നു. സ്ഥിരവാസികൾക്കും അലഞ്ഞുതിരിയുന്നവനും സ്ഥലത്തോടുള്ള ബന്ധം ഒരു പോലെയല്ല. അവർക്കിടയിലെവിടെയോ ആണ് അപരിചിതൻ. അലയുന്നവൻ ഇന്നു വന്ന് നാളെ പോകുന്നവനാണ്. എപ്പോൾ വേണമെങ്കിലും പുറത്തുപോകാനുള്ള സാദ്ധ്യത നിലനിൽക്കുമ്പോൾ തന്നെ അപരിചിതൻ സമൂഹത്തിന്റെ ഭാഗമാണ്. അവന്റെ അടുപ്പത്തിൽ അകൽച്ചയുണ്ട്, അകൽച്ചയിൽ അടുപ്പവുമുണ്ട്. അവൻ സമൂഹത്തിൽ ഇടപെടുന്നുണ്ട്. അവനു സമൂഹവുമായുള്ള ബന്ധം നിഷേധാത്മകമല്ല. അപരിചിതനാവുകയെന്നാൽ അന്യനാവുക (Out sider) എന്നർത്ഥം. ജോസഫ്, സുനിൽ, പ്രേം, രാധ എന്നിവർ അനുഭവിക്കുന്ന അപരിചിതത്വത്തിൽ അധികാരവ്യവഹരങ്ങൾ നിർമ്മിക്കുന്ന ‘സാമാന്യബുദ്ധി’യുടെ തിരസ്കാരമുണ്ട്. ഈ നഗരത്തിൽ താനെപ്പോഴും അപരിചിതനായിത്തന്നെ വർത്തിച്ചേയ്ക്കുമെന്ന് ജോസഫ് പറയുമ്പോൾ സുനിൽ ഇങ്ങനെ പ്രതികരിക്കുന്നു:“ഈ അപരിചിതത്വമാണ് നമ്മുടെ പുറകിലുള്ള ശക്തി. ഈ നഗരത്തെ സംബന്ധിച്ചേടത്തോളം പരിചിതനാവുക എന്നു പറഞ്ഞാൽ അടിമയാവുക എന്നാണർത്ഥം” (229). ‘ഭഗവത്ഗീത’യെപ്പറ്റി ജോസഫ് പറയുന്നു, “അടിമകളോട് പറയാൻ ഇതിലും നല്ല ഉപദേശമുണ്ടോ?” ഗാന്ധി ആൾക്കൂട്ടത്തിന്റെ നേതാവാണ്. യുക്തിയേയോ ചിന്തയേയോ ഗാന്ധി ഉണർത്തിയില്ല. നമ്മുടെ പൂജ ഹോമമാണ്. നാം ഹിംസയുടെ, തീയുടെ അടിമകളാണ്. ഒരു പ്രത്യേക ഭൂപ്രദേശത്തുള്ള സ്നേഹം മറ്റു പ്രദേശത്തെ ഒഴിവാക്കുകയാണെങ്കിൽ അതു സ്നേഹമേയല്ല. താത്വികമായി പലരും വേശ്യകളാണ്. ദേശമെന്ന ബൃഹദ്വ്യവഹാരത്തിന്റെ നിർമ്മിതിയിൽ പങ്കെടുക്കുന്ന വ്യത്യസ്തമായ ആശയധാരകളാണ് ഈ പറഞ്ഞ വാചകങ്ങളിലൂടെ ചോദ്യം ചെയ്യപ്പെടുന്നത്. അപരിചിതന് മുഖ്യധാരയോടുള്ള വിമർശനാത്മക ബന്ധമാണ് ഇത്തരമൊരു സംവാദമണ്ഡലം സാദ്ധ്യമാക്കുന്നത്. ലളിതയ്ക്കു തോന്നുന്നുണ്ട് അപരിചിതത്വം മാത്രമാണ് താൻ ലോകത്ത് ആകെ നേടിയിട്ടുള്ള സമ്പത്ത്. ‘ലോകം മറ്റാരുടേയോ വീടാണ്’ (574). വിവാഹത്തിലൂടെ ഭദ്രമാണെന്നു തോന്നുന്ന ദാമ്പത്യത്തിലേക്ക് കടക്കുമ്പോഴും ലളിത പൂർണ്ണമായും പുതിയലോകത്തോട് പൊരുത്തപ്പെടുന്നില്ല. അപരിചിതർ ഉന്നയിക്കുന്ന വിയോജിപ്പുകൾ ചിന്തയുടെ എതിർദിശകൾ അടയാളപ്പെടുത്തുമ്പോൾ ആൾക്കൂട്ടങ്ങളെ പ്രതിനിധീകരിക്കുന്ന വ്യവഹാരങ്ങൾക്ക് പുറത്തൊരു അതിജീവന സാദ്ധ്യത തെളിയുന്നു. അവർ ദാർശനികരോ പ്രവാചകരോ രക്തസാക്ഷികളോ അല്ല. തങ്ങളെ വിചാരണ ചെയ്യുന്ന നിലപാടുകളിലൂടെ ആത്മവിമർശനത്തിന്റെ പുതിയൊരു നിഘണ്ടു അവർ നിർമ്മിക്കുന്നു.

യു. ആർ. അനന്തമൂർത്തിയുടെ ‘സംസ്കാര’യിലും ഫാലചന്ദ്ര നിമാഡേയുടെ ‘കോസ്‌ല’ (കീടകോശം) എന്ന നോവലിലും—രണ്ടും അറുപതുകളുടെ ഉത്തരാർദ്ധത്തിൽ വന്നവ—ഇന്ത്യൻ സ്വത്വത്തിൽ ദൃശ്യമാവുന്ന പിളർപ്പിന്റെ ചിത്രീകരണങ്ങളുണ്ട്. ‘സംസ്കാരയിലെ പ്രാണേഷാചാര്യ ബ്രാഹ്മണ്യത്തിന്റെ കഠോര ദിനചര്യകളുമായി ഇടഞ്ഞ് ഭ്രഷ്ടനായി അഗ്രഹാരത്തിൽ നിന്ന് പുറത്തുകടക്കുമ്പോൾ ആൾക്കൂട്ടങ്ങളുടെ ആഘോഷങ്ങളിലൂടെ അപരിചിതനായി സഞ്ചരിക്കുന്നു. അഗ്രഹാരമെന്നത് കാലത്തിൽ തറഞ്ഞുപോയൊരു സ്ഥലമാണ്. എ. കെ. രാമാനുജൻ പ്രാണേഷാചാര്യയുടെ ആലംബഹീനമായ അലച്ചിലിനെ സ്വത്വത്തെ പുനർനിർമ്മിക്കാനുള്ള അനുഷ്ഠാനപർവ്വമായി കാണുന്നുണ്ട്. പക്ഷേ പ്രാണേഷാചാര്യ അപരിചിതനായി തന്റെ ‘ലിമിനൽ’ സ്ഥലത്തിൽ ഉൽക്കണ്ഠാകുലനായി, പ്രതീക്ഷാപൂർവ്വം നിൽക്കുന്നേടത്താണ് നോവൽ അവസാനിക്കുന്നത്. നിമാഡേയുടെ മുഖ്യകഥാപാത്രം കുടുംബത്തിലും പുറത്തും ഒരുപോലെ ഇടഞ്ഞു നിൽക്കുന്നവനാണ്. എല്ലാറ്റിനേയും തള്ളിപ്പറയുന്ന തീക്ഷ്ണമായ വിമർശനസ്വരം ഇന്നും ആ നോവലിനെ മറാത്തിയിലെ യുവതലമുറയ്ക്ക് പ്രിയങ്കരമാക്കുന്നു. നോവലിന്റെ അവസാനഭാഗത്ത് മഹാനുഭാവ് സമ്പ്രദായത്തിന്റെ സ്ഥാപകനായ ചക്രധർ (1220–1274) എന്ന മദ്ധ്യകാല ചിന്തകന്റെ വാക്കുകളെ പാണ്ഡുരംഗ് സംഗവികർ ഉദ്ധരിക്കുന്നു: കുടുംബത്തേയും ഗ്രാമത്തേയും, നാടിനെത്തന്നെയും തിരസ്കരിക്കേണ്ടതുണ്ട്. സ്വയം കണ്ടെത്താൻ.

അറുപതുകളിലെ സംക്രമണ ദശയിൽ ‘ആൾക്കൂട്ട’വും ‘സാംസ്കാര’യും പോലുള്ള നോവലുകൾ പ്രതിവ്യവഹാരമെന്ന നിലയിലുള്ള നോവലിന്റെ ധർമ്മത്തെ പുനർനിർവ്വചിച്ചു. സമൂഹത്തിന്റെ അരികുകളിൽ നിന്നും അതിരുകളിൽ നിന്നുമാണ് അവർ പുതിയ ഭാഷകൾ കണ്ടെടുത്തത്. പ്രതിഷ്ഠാപിതവും പ്രാമാണികവുമായ പരികല്പനകളെക്കുറിച്ച് അവർ അടിസ്ഥാനപരമായ സംശയങ്ങൾ ഉന്നയിച്ചു. ഈ നോവലുകളിലെ മനുഷ്യർ നടന്നത് പ്രതീക്ഷകളും പ്രതിമകളും തകർന്നു വീണ മണ്ണിലൂടെയാണ്. അക്കാലത്തെ അവർ അനുഭവിച്ചത് സ്വത്വബോധത്തിലെ പിളർപ്പായാണ്. അതിലടങ്ങിയ പീഡയും ക്ഷോഭവും ഇന്ദ്രിയാനുഭവങ്ങളായി പരാവർത്തനം ചെയ്യുന്ന പ്രതീകവ്യവസ്ഥ നോവലിന്റെ ആഖ്യാനഘടനയിൽ രൂപപ്പെടുത്താൻ കഴിഞ്ഞതിനാലാണ് ഈ നോവലുകൾ ഇന്നും പ്രസക്തമായി തുടരുന്നത്.

കുറിപ്പ്: ആനന്ദിന്റെ ‘ആൾക്കൂട്ട’ത്തിൽ നിന്നുള്ള ഉദ്ധരണികൾ ഡി. സി. ബുക്ക് പ്രസിദ്ധപ്പെടുത്തിയ ഇ-ബുക്കിൽ നിന്നാണ്, ബക്തിന്റെ നിരീക്ഷണങ്ങൾക്ക് Problems of Dostoevesky’s Poetics (pp. 166–170) കാണുക.

□

## ഇ. വി. രാമകൃഷ്ണൻ



വിമർശകൻ എന്ന നിലയിൽ ശ്രദ്ധേയനാണ് ഇ. വി. രാമകൃഷ്ണൻ. ഇംഗ്ലീഷിലും മലയാളത്തിലും ലേഖനങ്ങളും പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട് അദ്ദേഹം. റഷ്യൻ ഉത്തരഘടനാവാദിയായ മിഖായിൽ ബക്തിന്റെ 'ഉൽസവാത്മകത', 'പാഠാന്തരത്വം' എന്നീ സങ്കൽപ്പനങ്ങളെ മുൻനിർത്തി അദ്ദേഹം കുഞ്ചൻ നമ്പ്യാരുടെ തുള്ളൽകൃതികളെ അപഗ്രഥിച്ചത് ശ്രദ്ധേയമായിരുന്നു. കേരളീയ ആധുനികതയിൽ അച്ചടി നടത്തിയ ചരിത്രപരവും സാംസ്കാരികവുമായ ഇടപെടലുകൾ വിലയിരുത്തിയ 'അച്ചടിയും ആധുനികതയും' എന്ന ലേഖനം കേരള സാഹിത്യ അക്കാദമി പുറത്തിറക്കിയ 'നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം' സീരീസിൽ ഉൾപ്പെടുത്തിയിരുന്നു.

(വിവരങ്ങൾക്ക് വിക്കിപ്പീഡിയയോട് കടപ്പാട്.)

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014